LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിന് ഈയിനത്തിൽ 1259.25 കോടി രൂപ കിട്ടുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) 2003-04-ൽ 871.12 കോടി രൂപയും 2004-05 ഫെബ്രുവരി വരെ 654.39 കോടി രൂപയും ആദായ നികുതിയിനത്തിൽ ലഭിച്ചിട്ടുണ്ട്.

(സി) 2005-06-ൽ ആദായ നികുതി വിഹിതമായി 1259.25 കോടി രൂപ ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തെ നികുതി കുടിശ്ശിക പിരിച്ചെടുക്കൽ

16 [2480] ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന് ലഭിക്കാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ;

(ബി) കുടിശ്ശിക എന്നത്തേക്ക് പിരിച്ചെടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോടതി സ്റ്റേ ഒഴികെ മറ്റു തടസ്സങ്ങളൊന്നുമില്ല.

(ബി) കോടതികൾ പുറപ്പെടുവിച്ചിരിക്കുന്ന സ്റ്റേ ഒഴിവാക്കുകയും കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുകയും ചെയ്യുന്ന മുറയ്ക്ക് നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സാധിക്കുന്നതാണ്.

ബസ് ബോഡി നിർമ്മാണ ചെറുകിട വ്യവസായങ്ങൾക്ക് ഏർപ്പെടുത്തിയ വില്പന നികുതി പിൻവലിക്കാൻ നടപടി

17 [2481] ശ്രീ. ഇസ്ഹാക് കുരിക്കൾ:

,, പി. കെ. അബ്ദുറബ്ബ്:

,, സി. മോയിൻകുട്ടി:

,, ടി. പി. എം. സാഹിർ:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് ബസ് ബോഡി നിർമ്മാണവും റിപ്പയറിംഗും നടത്തുന്ന ചെറുകിട വ്യവസായികൾക്ക് പുതിയ നികുതി ചുമത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്;

(ബി) ഇതുവഴി സംസ്ഥാനത്തിന് ലഭിച്ച സംഖ്യ എത്രയാണ്;

(സി) പുതിയ നികുതി ചുമത്തിയതുമൂലം തമിഴ്നാട്ടിലേക്കും കർണ്ണാടകയിലേക്കും വ്യവസായങ്ങൾ നീങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതൊഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് ബസ് ബോഡി നിർമ്മാണവും റിപ്പയറിംഗും നടത്തുന്ന ചെറുകിട വ്യവസായങ്ങൾക്ക് മാത്രമായി പുതിയ നികുതി ഒന്നും തന്നെ ചുമത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിനകത്ത് നികുതി അടച്ച വാഹനങ്ങളുടെ ചേസിസിന് മേൽ നടത്തുന്ന ബോഡി നിർമ്മാണം നികുതിവിധേയമാണ്. വില്പന നികുതി നിയമത്തിലെ ഒന്നാം പട്ടികയിലെ 94-ാം നമ്പർ എൻട്രി പ്രകാരം അവയ്ക്ക് 12% നികുതിയും അതിനുമേൽ 15% അധിക നികുതിയും നൽകേണ്ടതായിട്ടുണ്ട്. ഇപ്രകാരം എത്ര പേർക്ക് നികുതി ചുമത്തിയിട്ടുണ്ടെന്ന വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ബോഡി നിർമ്മിച്ചു കൊണ്ടുവരുന്ന വാഹനങ്ങൾക്ക് പ്രവേശന നികുതി ഏർപ്പെടുത്താൻ നടപടി

18 [2482] ശ്രീ. ഇസ്ഹാക് കുരിക്കൾ:

,, സി. ടി. അഹമ്മദ് അലി:

,, പി. കെ. കെ. ബാവ:

,, ചെർക്കളം അബ്ദുള്ള:

,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും വാഹനങ്ങൾക്ക് ബോഡി നിർമ്മിച്ച് കേരളത്തിലേക്ക് കൊണ്ടുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാഹനങ്ങൾക്ക് പ്രവേശന നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly